## വയനാട് ജില്ലയിൽ ഫിഷറീസ് വകുപ്പ് നടത്തിയ വികസനപ്രവർത്തനങ്ങൾ

203(411) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ ഓരോ പഞ്ചായത്തിലും ഫിഷറീസ് വകുപ്പിന്റെ ആനുകൂല്യം ലഭിക്കുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരിക്കുന്നു:

1. വിദർഭ പാക്കേജ്: വിദർഭ പാക്കേജിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിവരുന്ന സ്പെഷ്യൽ ഫിഷറീസ് പാക്കേജിൽ പുതുതായി കുളം നിർമ്മിച്ച് മത്സ്യകൃഷി നടത്തുന്നതിന് താഴെ പറയും പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ട്.

| വർഷം | അനുവദിക്കപ്പെട്ട ധനസഹായം രൂപ | ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| എ) 2006-07 | 20,55,644 | 483 |
| ബി) 2007-08 | 0 | - |
| സി) 2008-09 | 4,99,940 | 136 |
| ഡി) 2009-10 | 9,99,856 | 297 |
| ഇ) 2010-11 | 0 | - |

2. മത്സ്യ കേരളം: ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യകേരളം. ഈ പദ്ധതിപ്രകാരം വയനാട് ജില്ലയിൽ 1851 കർഷകർ ഗുണഭോക്താക്കളായിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് മത്സ്യവിത്ത്, ശാസ്ത്രീയമായ മത്സ്യകൃഷിയിൽ പരിശീലനം എന്നിവ സൗജന്യമായി നൽകിയിട്ടുണ്ട്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മത്സ്യകർഷക ക്ലബ്ബ് ആരംഭിക്കുകയും പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനമേൽനോട്ടത്തിനായി അക്വാ കൾച്ചർ കോർഡിനേറ്റർമാർ നിയമിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. ആത്മ: 2008-09 വർഷം ഫിഷറീസ് വകുപ്പ് ആത്മ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് ഓർഗനൈസിംഗ് ഡെമോൺസ്ട്രേഷൻ. ഈ പദ്ധതി പ്രകാരം അലങ്കാര മത്സ്യകൃഷി ചെയ്യുന്ന 2 യൂണിറ്റിന് യൂണിറ്റ് 1 -ന് 4000 രൂപ (നാലായിരം) എന്ന നിലയ്ക്ക് സബ്സിഡി ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം 2009-10 വർഷം 2 പേർ ഗുണഭോക്താക്കളായിട്ടുണ്ട്.

4. ആർ.കെ.വി.വൈ: ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2008-09 സാമ്പത്തിക വർഷം നടപ്പിലാക്കിയ അലങ്കാരമത്സ്യകൃഷി, കാർപ്പ് ഹെയറിംഗ് സെന്റർ, ഗ്രൂപ്പ് ഫാമിംഗ് ആറ്റുകൊഞ്ച് കൃഷി എന്നീ പദ്ധതികൾപ്രകാരം ജില്ലയിലെ 278 കർഷകർക്കായി 12,50,000 രൂപ സബ്സിഡി നൽകി. 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിലെ ആർ.കെ.വി.വൈ. ഫണ്ടുപയോഗിച്ച് വയനാട് ജില്ലയിലെ കാരാപ്പുഴയിൽ ഓർണമെന്റൽ ഫിഷറീസ് കോംപ്ലക്സ് എന്ന അക്വേറിയം സ്ഥാപിക്കുവാൻ വേണ്ട നടപടികളും നടന്നുവരുന്നു.

5. റിസർവോയർ ഫിഷറീസ്: ഉൾനാടൻ മത്സ്യനിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ റിസർവോയറുകളായ കാരാപ്പുഴയിൽ 6.35 ലക്ഷം കുഞ്ഞുങ്ങളെയും ബാണാസുരസാഗർ റിസർവോയറിൽ 9.5 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചു. ഈ പദ്ധതി തുടർച്ചയായി മൂന്നു വർഷത്തേയ്ക്കുള്ള പദ്ധതിയാണ്.

(ബി) വയനാട് ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ ഗുണഭോക്താക്കളായ കർഷകരുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | നെന്മേനി | 68 |
| 2. | നൂൽപ്പുഴ | 48 |
| 3. | സുൽത്താൻബത്തേരി | 79 |
| 4. | മുള്ളൻകൊല്ലി | 161 |
| 5. | പുൽപ്പള്ളി | 93 |
| 6. | അമ്പലവയൽ | 38 |
| 7. | പൂതാടി | 94 |
| 8. | മീനങ്ങാടി | 38 |
| 9. | മാനന്തവാടി | 86 |
| 10. | എടവക | 135 |
| 11. | തവിഞ്ഞാൽ | 156 |
| 12. | തിരുനെല്ലി | 100 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 13. | പനമരം | 93 |
| 14. | തൊണ്ടർനാട് | 72 |
| 15. | വെള്ളമുണ്ട | 74 |
| 16. | വൈത്തിരി | 25 |
| 17. | പൊഴുതന | 57 |
| 18. | മുപ്പൈനാട് | 26 |
| 19. | മേപ്പാടി | 54 |
| 20. | മൂട്ടിൽ | 45 |
| 21. | കണിയാമ്പറ്റ | 106 |
| 22. | കോട്ടത്തറ | 24 |
| 23. | പടിഞ്ഞാറത്തറ | 73 |
| 24. | തരിയോട് | 72 |
| 25. | വെങ്ങപ്പള്ളി | 28 |
| 26. | കൽപ്പറ്റ മുനിസിപ്പാലിറ്റി | 6 |
| | ആകെ | 1851 |

LIBRARY ARCHIVES Kerala Legislative Assembly

**വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം**

204 (412) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം ആരംഭിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അക്വേറിയം തുടങ്ങുന്നതിനായി ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) വടക്കാഞ്ചേരി വാഴാനി ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഫിഷറീസ് അക്വേറിയം ആരംഭിക്കുന്നതിന് 69 ലക്ഷം രൂപയുടെ പ്രോജക്ടിനായി രാഷ്ട്രീയ കൃഷി വികാസ് യോജന 2010-11-ൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അക്വേറിയം സ്ഥാപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി ഡാം പരിസരത്ത് അനുയോജ്യമായ 72 സെന്റ് സ്ഥലം കണ്ടെത്തി Location sketch തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഉപയോഗിക്കുന്നതിന് ജലസേചന വകുപ്പിൽനിന്ന് permissive sanction ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.